
കെ. അബ്ദുർറസ്സാഖ്

# ഹദീസുകൾ നാടോടിക്കഥകളോ?

**മുഹമ്മദ്** നബി(സ)ക്കു ശേഷം രണ്ടോ മൂന്നോ നൂറ്റാണ്ട് കഴിഞ്ഞാണ് ഹദീസുകൾ ക്രോഡീകരിച്ച് രേഖപ്പെടുത്തിവെച്ചതെന്നും അതിനാൽ അവയിലൊന്നുപോലും ആധികാരികമോ വിശ്വസനീയമോ അല്ലെന്നും ഓറിയന്റലിസ്റ്റുകളിൽ ചിലർ ആരോപിക്കുന്നു. നാടോടിക്കഥകളുടെ സ്ഥാനം മാത്രമേ ഹദീസുകൾക്ക് നൽകാനാവൂ എന്നാണ് അവരുടെ വാദം. *സ്വഹീഹുൽ ബുഖാരി*, *സ്വഹീഹു മുസ്‌ലിം*, *മുസ്നദ് അഹ്മദ്*, *ജാമിഉത്തിർമിദി* തുടങ്ങിയ പ്രാമാണിക ഹദീസ് ഗ്രന്ഥങ്ങളെല്ലാം അവരുടെ കണ്ണിൽ കെട്ടുകഥകളുടെ സമാഹാരങ്ങളാണ്. ഹദീസ്ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന പ്രവാചക വചനങ്ങളും കർമങ്ങളും പ്രവാചകൻ അംഗീകാരം നൽകിയ കാര്യങ്ങളും ആളുകൾ ഭാവനാവിലാസമനുസരിച്ച് നിവേദക പരമ്പര സഹിതം കെട്ടിച്ചമച്ചുണ്ടാക്കിയവയാണത്രെ. ശാസ്ത്രീയ മാനദണ്ഡങ്ങൾ പ്രകാരം അവ പ്രവാചകന്റേതാണെന്നു തെളിയിക്കാൻ സാധ്യമല്ലെന്നാണ് ആരോപണം. കെട്ടിച്ചമക്കാത്തവയുണ്ടെങ്കിൽതന്നെ ഒന്നു രണ്ടു നൂറ്റാണ്ടു കാലത്തെ കർണാകർണികയായുള്ള ഹദീസിന്റെ നിവേദനരീതി കാരണം അവയിൽ അബദ്ധങ്ങളും കൂട്ടിച്ചേർക്കലുകളും വിട്ടുപോകലുകളും സംഭവിക്കാൻ ഏറെ സാധ്യതയുണ്ടെന്നും അതിനാൽ ഒരു ഹദീസിന്റെയും സാധുതയും കൃത്യതയും ഉറപ്പിക്കാനാവില്ലെന്നും വിമർശകന്മാർ പറയുന്നു.

പ്രമുഖ ഹദീസ് സമാഹാരങ്ങൾ ഹിജ്റ മൂന്നാം നൂറ്റാണ്ടിലാണ് ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കപ്പെടുന്നത്. അതുവരെ ഹദീസുകൾ ഒട്ടും രേഖപ്പെടുത്തിവെച്ചിരുന്നില്ലെന്നും വാമൊഴിയിലൂടെ മാത്രമാണ് അവ പ്രചരിച്ചിരുന്നതെന്നുമുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് ഹദീസുകൾക്കെതിരെയുള്ള ഈ കടന്നാക്രമണം. ഓറിയന്റലിസ്റ്റുകളല്ലാത്ത ചിലരും ഈ തെറ്റിദ്ധാരണ വെച്ചുപുലർത്തുന്നുണ്ട്. ഹദീസുകളുടെ ചരിത്രപരത നിഷേധിച്ച



ഓറിയന്റലിസ്റ്റ് വെല്ലുവിളിയെ ആർജവത്തോടെ നേരിട്ട ഡോ. മുഹമ്മദ് ഹമീദുല്ല (1908-2002) ഈ വിഷയത്തിൽ ആഴത്തിലുള്ള ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. സ്വഹാബിമാർ ചുരുങ്ങിയത് 14 ഹദീസ് സമാഹാരങ്ങൾ രേഖപ്പെടുത്തി വെച്ചതായി അദ്ദേഹം സമർഥിച്ചു. വളരെ പഴക്കമുള്ള ചില ഹദീസ് സമാഹാരങ്ങളുടെ കൈയെഴുത്ത് പ്രതികൾ അദ്ദേഹം തുർക്കി, ഫ്രാൻസ്, ജർമനി, സിറിയ എന്നിവിടങ്ങളിലെ ലൈബ്രറികളിൽ കണ്ടെത്തി. അബൂഹുറയ്റ(റ) ശിഷ്യൻ ഹമ്മാമുബ്നു മുനബ്ബിഹിന് ക്രോഡീകരിച്ചു നൽകിയ സമാഹാരമാണ് ഇക്കൂട്ടത്തിൽ ഏറ്റവും പഴയത്. ഈ ഹദീസ് സമാഹാരത്തെ സൂക്ഷ്മമായി വിശകലനം ചെയ്ത് ഹദീസ് സംരക്ഷണ ചരിത്രത്തെക്കുറിച്ച വിലപ്പെട്ട ഒരു ഗ്രന്ഥം ഡോ. ഹമീദുല്ല രചിച്ചിട്ടുണ്ട്. An Introduction to the Conservation of Hadith in the Light of the Sahifah of Hammam ibn Munabbih എന്ന പേരിൽ ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ ലഭ്യമാണ്. പ്രവാചകന്റെ കാലത്തും അതിനു ശേഷം സ്വഹാബിമാരുടെ കാലത്തും നടന്ന ഹദീസ് ക്രോഡീകരണങ്ങളെക്കുറിച്ച് ഇതിൽ വിശദമായി വിവരിക്കുന്നുണ്ട്.

### സ്വഹീഫത്തു ഹമ്മാം


ഹജ്റ ഒന്നാം നൂറ്റാണ്ടിന്റെ പകുതിയിൽ രേഖപ്പെടുത്തി വെച്ച ഹദീസ് സമാഹാരം, സ്വഹാബിമാർ രേഖപ്പെടുത്തിവെച്ച ഹദീസ് സമാഹാരങ്ങളിൽ ഇന്ന് നിലവിലുള്ളതായി കണ്ടെത്തിയ ഏകഗ്രന്ഥം, ഏറ്റവും പൗരാണികമായ ഹദീസ് സമാഹാരം എന്നിങ്ങനെ വളരെ പ്രാധാന്യമുള്ള *സ്വഹീഫത്തു ഹമ്മാം* ഹദീസുകളുടെ ചരിത്രപരതക്കുള്ള പ്രബല തെളിവുകളിൽ പെടുന്നു. ഓറിയന്റലിസ്റ്റ് ആരോപണങ്ങളുടെ മുനയൊടിക്കുന്ന പല മാനങ്ങളുമുള്ള വിലപ്പെട്ട ചരിത്രരേഖയാണത്.

യമൻകാരനായിരുന്നു താബിഈ പണ്ഡിതനായ ഹമ്മാമുബ്നു മുനബ്ബിഹ് (മരണം ഹിജ്റ 101). വിദ്യാഭ്യാസത്തിനായി മദീനയിലെത്തിയ അദ്ദേഹം അബൂഹുറയ്റ(റ)യുടെ ശിഷ്യത്വം സ്വീകരിച്ചു. പ്രവാചകന്റെ കാലത്ത് യമനിൽ നിന്നുതന്നെ വന്ന് ഇസ്‌ലാം സ്വീകരിച്ച് മദീനയിൽ കുടിയേറിയതായിരുന്നു അബൂഹുറയ്റ (മരണം ഹിജ്റ 58). അബൂഹുറയ്റ(റ) നൂറ്റി നാൽപതോളം ഹദീസുകൾ തെരഞ്ഞെടുത്ത് രേഖപ്പെടുത്തി പുസ്തകമാക്കി ഹമ്മാമിനു നൽകിയതാണ് *സ്വഹീഫത്തു ഹമ്മാം*. *അസ്സ്വഹീഫത്തുസ്സ്വഹീഹ* എന്നാണിതിന്റെ ശരിയായ പേര്. അബൂഹുറയ്റ(റ)യാണ് ക്രോഡീകരിച്ച് പുസ്തകമാക്കിയതെങ്കിലും ഹമ്മാമുബ്നു മുനബ്ബിഹ് ഇത് സൂക്ഷിക്കുന്നതിലും ഇതിലെ ഹദീസുകൾ കൈമാറുന്നതിലും കാണിച്ച ഉത്സാഹം കാരണം പിൽക്കാലത്ത് അദ്ദേഹത്തിന്റെ പേരിലാണിത് അറിയപ്പെട്ടത്. അങ്ങനെയാണ് ഈ സമാഹാരത്തിന് *സ്വഹീഫത്തു ഹമ്മാമിബ്നി മുനബ്ബിഹ്* (ഹമ്മാമുബ്നു മുനബ്ബിഹിന്റെ പുസ്തകം) എന്ന പേര് ലഭിച്ചത്. ധാർമിക സംബന്ധമായ ഹദീസുകളാണ് ഈ സമാഹാരത്തിൽ ഏറെയുമുള്ളത്.

മുസ്നദ് അഹ്മദ്, സ്വഹീഹുൽ ബുഖാരി, സ്വഹീഹു മുസ്‌ലിം തുടങ്ങിയ പിൽക്കാല ഹദീസ് സമാഹാരങ്ങളിൽ *സ്വഹീഫ*യിലെ ഹദീസുകൾ കാണാം. അവ തമ്മിൽ ഒരു പദത്തിൽ പോലും വ്യത്യാസമില്ല. ഏറ്റവും പ്രാമാണികമായ ആറു ഹദീസ് സമാഹാരങ്ങളിൽ (*അസ്സിഹാഹുസ്സിത്ത*) ഇതേ ഹദീസുകൾ അബൂഹുറയ്റക്ക് പുറമെ മറ്റു സ്വഹാബിമാരും ഉദ്ധരിച്ചിട്ടുണ്ട്.

### *സ്വഹീഫ*യുടെ സംരക്ഷണം

ഹമ്മാം ഈ ഹദീസുകൾ തന്റെ ശിഷ്യന്മാർക്ക് കൈമാറുകയും ധാരാളം പേരെ പഠിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ശിഷ്യന്മാരിലൊരാളായ മഅ്മറുബ്നു റാശിദ് (മരണം ഹിജ്റ 153) തന്റെ ശിഷ്യന്മാർക്കും അവ കൈമാറി. പ്രമുഖ ഹദീസ് സമാഹാരങ്ങളിലൊന്നായ *മുസ്വന്നഫ്* ക്രോഡീകരിച്ച അബ്ദുർറസ്സാഖിബ്നു ഹമ്മാമിബ്നി നാഫിഅ് ഈ കൂട്ടത്തിൽ




**ഹജ്റ ഒന്നാം നൂറ്റാണ്ടിന്റെ പകുതിയിൽ രേഖപ്പെടുത്തി വെച്ച ഹദീസ് സമാഹാരം, സ്വഹാബിമാർ രേഖപ്പെടുത്തിവെച്ച ഹദീസ് സമാഹാരങ്ങളിൽ ഇന്ന് നിലവിലുള്ളതായി കണ്ടെത്തിയ ഏകഗ്രന്ഥം, ഏറ്റവും പൗരാണികമായ ഹദീസ് സമാഹാരം എന്നിങ്ങനെ വളരെ പ്രാധാന്യമുള്ള *സ്വഹീഫത്തു ഹമ്മാം* ഹദീസുകളുടെ ചരിത്രപരതക്കുള്ള പ്രബല തെളിവുകളിൽ പെടുന്നു. ഓറിയന്റലിസ്റ്റ് ആരോപണങ്ങളുടെ മുനയൊടിക്കുന്ന പല മാനങ്ങളുമുള്ള വിലപ്പെട്ട ചരിത്രരേഖയാണത്.**

പെടുന്നു. അബ്ദുർറസ്സാഖ് ഈ ഹദീസ് സമാഹാരം *മുസ്വന്നഫി*ൽ കൂട്ടിച്ചേർക്കാതെ സ്വതന്ത്ര സമാഹാരമായി സംരക്ഷിക്കുകയും ശിഷ്യന്മാരിലൂടെ അടുത്ത തലമുറക്ക് കൈമാറുകയും

ചെയ്തു. അബ്ദുർറസ്സാഖിന്റെ പ്രമുഖ ശിഷ്യന്മാരായിരുന്നു അഹ്മദുബ്നു ഹമ്പലും അബുൽ ഹസൻ അഹ്മദുബ്നു യൂസുഫു സ്സുലമിയും. *സ്വഹീഫ* സംരക്ഷിക്കുന്ന കാര്യത്തിൽ രണ്ടു പേരും മഹത്തായ സേവനമർപ്പിച്ചു. അഹ്മദുബ്നു ഹമ്പൽ തന്റെ ഹദീസ് സമാഹാരമായ *മുസ്നദിൽ സ്വഹീഫ* യാതൊരു മാറ്റവും വരുത്താതെ അബൂഹുറയ്റയുടെ നിവേദനങ്ങൾ എന്ന അധ്യായത്തിൽ ഉൾപ്പെടുത്തി. നിവേദകന്മാരുടെ അടിസ്ഥാനത്തിലാണ് *മുസ്നദിൽ* അധ്യായങ്ങൾ തിരിച്ചിരിക്കുന്നത്. *മുസ്നദ്* നിലനിൽക്കുവോളം *സ്വഹീഫ*യുടെ നിലനിൽപും ഇതിലൂടെ അദ്ദേഹം ഉറപ്പുവരുത്തി. അബുൽ ഹസൻ ആകട്ടെ *സ്വഹീഫ* സ്വതന്ത്ര സമാഹാരമായി സംരക്ഷിക്കുകയും തന്റെ ശിഷ്യന്മാരിലൂടെ ഭാവിതലമുറകളിലേക്ക് അതിന്റെ കൈമാറ്റം ഉറപ്പുവരുത്തുകയും ചെയ്തു. ഇപ്പോൾ ബെർലിനിലും ദമസ്കസിലുമാണ് *സ്വഹീഫ*യുടെ കൈയെഴുത്ത് പ്രതികളുള്ളത്. രണ്ടാം ലോകയുദ്ധം വരെ ബെർലിൻ സ്റ്റേറ്റ് ലൈബ്രറിയിലുണ്ടായിരുന്ന കോപ്പി സുരക്ഷിതത്വത്തിനു വേണ്ടി പിന്നീട് Tubingen പട്ടണത്തിലേക്ക് മാറ്റി. ദമസ്കസിൽ സാഹിരിയ്യാ ലൈബ്രറിയിലാണ് രണ്ടാമത്തെ കൈയെഴുത്ത് പ്രതിയുള്ളത്. സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബി ഈജിപ്തിൽ സ്ഥാപിച്ച മദ്റസ്സ നാസ്വിരിയ്യ സ്വലാഹിയ്യയിൽ കുരിശുയുദ്ധകാലത്ത് ഹിജ്റ 577-ൽ മുഹമ്മദുബ്നു അബ്ദിർറഹ്മാൻ അൽ ബൻദഹീ എന്ന ഖുറാസാൻകാരനായ പണ്ഡിതൻ *സ്വഹീഫ* പഠിപ്പിച്ചിരുന്നു. അദ്ദേഹം ഉപയോഗിച്ച കൈയെഴുത്ത് പ്രതിയാണ് ദമസ്കസിലുള്ളത്. ഹിജ്റ 670 വരെ ഒരു നൂറ്റാണ്ടുകാലം ഈ കോപ്പി ഉപയോഗിച്ച് വിവിധ പണ്ഡിതന്മാർ ക്ലാസ്സെടുത്തിരുന്നു. ഈ അധ്യാപകരെല്ലാം ക്ലാസ്സുകളെ കുറിച്ചുള്ള വിവരവും വിദ്യാർഥികളുടെ പേരും അതിന്മേൽ കുറിച്ചിട്ടുണ്ട്.

### *സ്വഹീഫ*യും പിൽക്കാല സമാഹാരങ്ങളും

അഹ്മദുബ്നു ഹമ്പലിൽനിന്ന് ഭിന്നമായി മഅ്മർ, അബ്ദുർറസ്സാഖ്, ബുഖാരി, മുസ്ലിം തുടങ്ങിയവർ നിവേദകന്മാരെ അടിസ്ഥാനമാക്കിയല്ല; വിഷയാധിഷ്ഠിതമായാണ് ഹദീസുകൾ ക്രോഡീകരിച്ചിട്ടുള്ളത്. അതിനാൽ *സ്വഹീഫ*യിലെ ഹദീസുകൾ ഈ ഗ്രന്ഥങ്ങളിൽ വിവിധ അധ്യായങ്ങളിലായി ചിതറിക്കിടക്കുകയാണ്. *സ്വഹീഫ*യുടെ നിലവിലുള്ള രണ്ട് കൈയെഴുത്ത് പ്രതികളിലും 138 ഹദീസുകളാണുള്ളത്. ഇവയിൽ 98 ഹദീസുകൾ *സ്വഹീഹുൽ ബുഖാരി*യിലും *മുസ്ലിമി*ലുമായി വന്നിട്ടുണ്ട്. 21 ഹദീസ് ബുഖാരി മാത്രവും 48 ഹദീസ് മുസ്ലിം മാത്രവും ഉദ്ധരിച്ചിരിക്കുന്നു. 29 ഹദീസുകളാണ് രണ്ടു പേരും ഒന്നിച്ച് ഉദ്ധരിച്ചിട്ടുള്ളത്. *സ്വഹീഫ*യും *സ്വഹീഹുൽ ബുഖാരി*യും *സ്വഹീഹു മുസ്ലിമും* സൂക്ഷ്മമായി പരിശോധിച്ച ഡോ. ഹമീദുല്ല ബുഖാരിയും മുസ്ലിമും ഏതെല്ലാം അധ്യായങ്ങളിലാണ് അവ ഉദ്ധരിച്ചിട്ടുള്ളതെന്ന് പട്ടികയാക്കി വിവരിക്കുന്നുണ്ട്. ഹമ്മാമുബ്നു മുനബ്ബിഹ് അബൂഹുറയ്റയിൽനിന്ന് ഉദ്ധരിച്ച ഹദീസുകൾ ഈ മൂന്ന് സമാഹാരങ്ങളിലും ഒരുപോലെയാണെന്നും അവ തമ്മിൽ ഒരു വാക്കിൽ പോലും വ്യത്യാസമില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

### നാടോടിക്കഥകളോ?

*സ്വഹീഫ* ക്രോഡീകരിച്ച് നൂറ്റാണ്ടുകൾ കഴിഞ്ഞാണ് ബുഖാരിയും മുസ്ലിമും ഹദീസുകൾ ക്രോഡീകരിക്കുന്നത്. നിവേദകന്മാർ തമ്മിൽ തലമുറകളുടെ വ്യത്യാസവുമുണ്ട്. എന്നിട്ടും ഈ ഹദീസുകൾ തമ്മിലുള്ള പരിപൂർണമായ പദാനുപദ പൊരുത്തം എത്ര കൃത്യവും സൂക്ഷ്മവുമായാണ് ഹദീസുകൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നത് എന്നതിന്റെ പ്രകടമായ തെളിവാണ്. ഹദീസുകൾക്ക് നാടോടിക്കഥകളുടെ വിലയേ ഉള്ളൂവെന്ന ഓറിയന്റലിസ്റ്റ് ആരോപണങ്ങൾ ഇത്തരം വസ്തുതകൾക്കു മുമ്പിൽ പരിഹാസ്യമായിത്തീരുന്നു.

ബുഖാരി ഉദ്ധരിക്കുന്ന *സ്വഹീഫ*യിലെ ഹദീസുകൾ അഹ്മദുബ്നു ഹമ്പലിൽനിന്നും അദ്ദേഹം അബ്ദുർറസ്സാഖിൽനിന്നും അദ്ദേഹം മഅ്മറുബ്നു റാശിദിൽനിന്നും അദ്ദേഹം ഹമ്മാമിൽനിന്നും ഉദ്ധരിച്ചതാണെന്നാണ് ഡോ. ഹമീദുല്ലയുടെ നിഗമനം. മഅ്മറുബ്നു റാശിദിന്റെ ഹദീസ് സമാഹാരമായ *ജാമിഇ*ന്റെ കൈയെഴുത്ത് പ്രതികൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. അബ്ദുർറസ്സാഖിന്റെ *മുസ്വന്നഫി*ന്റെ കൈയെഴുത്ത് പ്രതികളും പലയിടങ്ങളിൽനിന്നായി ലഭിച്ചിരുന്നു. ബുഖാരി, മുസ്ലിം പോലുള്ള പിൽക്കാല സമാഹാരങ്ങളും ആദ്യകാല സമാഹാരങ്ങളും തമ്മിലുള്ള ബന്ധം കണ്ണിമുറിയാതെ നിലനിൽക്കുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. ഓരോ സമാഹാരവും കുറ്റമറ്റതാണെന്നും ഇതിലൂടെ തെളിയുന്നു.

*സ്വഹീഫ*യിലെ ധാരാളം ഹദീസുകൾ അബൂഹുറയ്റ(റ)യല്ലാത്ത മറ്റു സ്വഹാബിമാരിൽനിന്ന് വ്യത്യസ്ത നിവേദക പരമ്പരകളിലൂടെയും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. പ്രമുഖ ഹദീസ് സമാഹാരങ്ങളിൽ ഇവ കാണാം. ഹദീസുകൾ മുഴുവൻ കെട്ടിച്ചമച്ചവയാണെന്ന ആരോപണത്തെ ശക്തമായി നിരാകരിക്കുന്ന മറ്റൊരു തെളിവാണിത്. വിവിധ കാലഘട്ടങ്ങളിൽ പല നാടുകളിലായി ജീവിച്ച ഹദീസ് സമാഹർത്താക്കൾ സ്വഹാബി മുതൽ അവസാനത്തെ നിവേദകൻ വരെ തികച്ചും വ്യത്യസ്തമായ നിവേദകപരമ്പരയുടെ സാക്ഷ്യത്തോടെ ഉദ്ധരിക്കുന്ന പ്രവാചകവചനങ്ങൾ പോലും വ്യാജമാണെന്ന് കണ്ണടച്ച് ആരോപിക്കുന്നവരുടെ പഠന-ഗവേഷണങ്ങൾക്ക് എന്ത് വിശ്വാസ്യതയാണുള്ളത്?



പിൽക്കാല ഹദീസ്സമാഹർത്താക്കൾ സ്വഹാബിമാർ രേഖപ്പെടുത്തി വെച്ച ഹദീസുകൾ കൂടി തങ്ങളുടെ സമാഹാരങ്ങളിൽ ഉൾപ്പെടുത്തിയിരുന്നുവെന്ന് ന്യായമായും കരുതാം. അബൂഹുറയ്റ(റ)യുടെ സമാഹാരത്തിൽനിന്നുള്ളതാണെന്ന് പറയാതെ *സ്വഹീഫ*യിലെ ഹദീസുകൾ ബുഖാരിയും മറ്റും തങ്ങളുടെ ഹദീസ്ഗ്രന്ഥങ്ങളിൽ ചേർത്തതുപോലെ മറ്റു പല സ്വഹാബിമാർ രേഖപ്പെടുത്തിയ ഹദീസുകളും അവയിൽ ഉൾപ്പെടുത്തുക സ്വാഭാവികമാണ്. പ്രാമാണിക ഹദീസ് ഗ്രന്ഥങ്ങളിലെ ഹദീസുകളിലേറെയും വാമൊഴിയായി മാത്രമല്ല എഴുത്തിലൂടെയും കൈമാറ്റം ചെയ്യപ്പെട്ടാണ് പ്രസ്തുത ഹദീസ് സമാഹർത്താക്കൾക്ക് ലഭിച്ചതെന്നാണ് ഇതിനർഥം.

**പല ഭൂപ്രദേശങ്ങളിൽ ജീവിച്ചിരുന്ന നിവേദകന്മാർ യാതൊരു വ്യത്യാസവുമില്ലാതെ ഉദ്ധരിച്ച ധാരാളം ഹദീസുകളുണ്ട്. നിവേദകന്മാരുടെ ജീവചരിത്രം ക്രോഡീകരിക്കപ്പെടുന്നതിനു മുമ്പ്, വാർത്താവിനിമയോപാധികൾ കുറഞ്ഞ കാലത്ത് എത്രയോ തലമുറകളിലൂടെ നീണ്ടുകിടക്കുന്ന നിവേദക പരമ്പര (ഇസ്നാദ്) കെട്ടിച്ചമക്കുക സാധ്യമല്ല. ഗുരു/നിവേദകൻ പറഞ്ഞുകൊടുക്കുകയോ എഴുതിക്കൊടുക്കുകയോ ചെയ്യുന്ന ഹദീസുകൾ അദ്ദേഹത്തിന് വായിച്ചുകേൾപിച്ച് തെറ്റില്ലെന്ന് ഉറപ്പുവരുത്തിയ ശേഷം അദ്ദേഹത്തിന്റെ അനുമതിയോടെ മാത്രമേ അവ മറ്റുള്ളവർക്ക് കൈമാറിയിരുന്നുള്ളൂ. ഹദീസിന്റെ ഉള്ളടക്കത്തോടൊപ്പം അതിന്റെ നിവേദക പരമ്പരയും കുറ്റമറ്റതായി നിലനിർത്താൻ ഇതുമുഖേന സാധിച്ചു.**

ബുഖാരിക്കും മുസ്‌ലിമിനും മറ്റും *സ്വഹീഫ*യിലെ ഹദീസുകൾ ലഭിച്ചത് പ്രസ്തുത ഗ്രന്ഥത്തിൽനിന്നല്ലെങ്കിൽ ഹദീസുകൾ കേട്ട് വാമൊഴിയായി ഉദ്ധരിച്ചിരുന്നവരിൽനിന്നായിരിക്കും ലഭിച്ചിട്ടുണ്ടാവുക. എങ്കിൽ ഈ പിൽക്കാല സമാഹാരങ്ങളിലെയും *സ്വഹീഫ*യിലെയും ഹദീസുകൾ തമ്മിലുള്ള പൊരുത്തം വാമൊഴിയിലൂടെയുള്ള ഹദീസ്നിവേദനത്തിന്റെ കൃത്യതക്കും സൂക്ഷ്മതക്കുമുള്ള മറ്റൊരു തെളിവായിരിക്കും. നബിവചനങ്ങൾ മറ്റുള്ളവർക്ക് കൈമാറുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട പ്രതിഫലവും പ്രവാചകന്റെ മേൽ വ്യാജം കെട്ടിച്ചമക്കുന്നവർക്ക് താക്കീത് ചെയ്യപ്പെട്ട നരകശിക്ഷയും പരിഗണിക്കുമ്പോൾ കർണാകർണികയായുള്ള നിവേദനത്തിൽ പോലും ഒരു തെറ്റും വരാതിരിക്കാൻ വിശ്വാസികളായ നിവേദകന്മാർ എത്രത്തോളം സൂക്ഷ്മത പുലർത്തിയിരിക്കുമെന്ന് മനസ്സിലാക്കാം. പ്രവാചകനിൽ വിശ്വസിക്കുന്നവർ ഒരു പ്രവാചകവചനം മറ്റുള്ളവർക്ക് കൈമാറുമ്പോൾ നാടോടിക്കഥ പറയുന്നതുപോലുള്ള ലാഘവത്വം കൈക്കൊള്ളുകയില്ലെന്ന് ഉറപ്പാണ്. അതിനാൽ പ്രവാചകന്റെയോ അനുചരന്മാരുടെയോ കാലത്ത് രേഖപ്പെടുത്തിവെച്ചതിന് തെളിവില്ലാത്തതിന്റെ പേരിൽ മാത്രം ഒരു ഹദീസും വ്യാജമാകുന്നില്ല.

നിവേദക ശൃംഖലയിലെ ഓരോരുത്തരുടെയും വ്യക്തിത്വം സൂക്ഷ്മമായി വിശകലനം ചെയ്താണ് ഹദീസുകളുടെ ബലാബലം നിർണയിക്കുന്നത്. ഓരോ നിവേദകന്റെയും ജീവചരിത്രം, ജീവിതവിശുദ്ധി, ഓർമശക്തി തുടങ്ങിയവയെല്ലാം പരിശോധിക്കപ്പെടുന്നു. പ്രതിപാദിക്കപ്പെടുന്ന വചനങ്ങളുടെ/സംഭവങ്ങളുടെ സന്ദർഭവും ചരിത്രപശ്ചാത്തലവും നിരീക്ഷിച്ച് വൈരുധ്യമുണ്ടോയെന്ന് പരിശോധിച്ചും നിവേദകപരമ്പരയുടെ കണ്ണികൾ മുറിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിച്ചുമാണ് സ്വീകാര്യമായ ഹദീസുകൾ തെരഞ്ഞെടുക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഹദീസുകളെ പ്രബലവും ദുർബലവും വ്യാജവുമായി തരംതിരിച്ചിരിക്കുന്നത്. പ്രവാചകന്റെ പേരിൽ ഉന്നയിക്കപ്പെട്ട വ്യാജങ്ങൾ തിരിച്ചറിയാനും യഥാർഥ പ്രവാചകവചനങ്ങളിൽനിന്ന് അവ വേർതിരിക്കാനുമുള്ള കുറ്റമറ്റ സംവിധാനമാണിത്. ധാരാളം വ്യാജഹദീസുകൾ ഇതിലൂടെ കണ്ടെത്താൻ കഴിഞ്ഞു. ഉദ്ധരിക്കപ്പെടുന്ന വചനത്തിന്റെയും സംഭവത്തിന്റെയും സൂക്ഷ്മത ഉറപ്പുവരുത്തുന്ന ഈ കിടയറ്റ റിപ്പോർട്ടിംഗ് രീതി മാനവചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. റിപ്പോർട്ടർമാരുടെ ജീവചരിത്രങ്ങൾ എത്രയോ വാള്യങ്ങളിലായി പരന്നു കിടക്കുന്നു. ഹദീസുകളുടെ ശക്തിയും ദൗർബല്യവും മനസ്സിലാക്കാൻ സഹായകമായ ഇവയും ഹദീസുകളോടൊപ്പം സംരക്ഷിക്കപ്പെട്ടു പോരുന്നു. ഇതിനു സമാനമായൊരു സംവിധാനം മറ്റെവിടെയും കാണുന്നില്ല. ഇതിനെ കുറിച്ചാണ് ചില ഓറിയന്റലിസ്റ്റുകൾ അശാസ്ത്രീയമെന്ന് കണ്ണടച്ച് കുറ്റപ്പെടുത്തുന്നത്.

പല ഭൂപ്രദേശങ്ങളിൽ ജീവിച്ചിരുന്ന നിവേദകന്മാർ യാതൊരു വ്യത്യാസവുമില്ലാതെ ഉദ്ധരിച്ച ധാരാളം ഹദീസുകളുണ്ട്. നിവേദകന്മാരുടെ ജീവചരിത്രം ക്രോഡീകരിക്കപ്പെടുന്നതിനു മുമ്പ്, വാർത്താവിനിമയോപാധികൾ കുറഞ്ഞ കാലത്ത് എത്രയോ തലമുറകളിലൂടെ നീണ്ടുകിടക്കുന്ന നിവേദക പരമ്പര (ഇസ്നാദ്) കെട്ടിച്ചമക്കുക സാധ്യമല്ല. ഗുരു/നിവേദകൻ പറഞ്ഞുകൊടുക്കുകയോ എഴുതിക്കൊടുക്കുകയോ ചെയ്യുന്ന ഹദീസുകൾ അദ്ദേഹത്തിന് വായിച്ച് കേൾപിച്ച് തെറ്റില്ലെന്ന് ഉറപ്പുവരുത്തിയ ശേഷം അദ്ദേഹത്തിന്റെ അനുമതിയോടെ മാത്രമേ അവ മറ്റുള്ളവർക്ക് കൈമാറിയിരുന്നുള്ളൂ. ഹദീസിന്റെ ഉള്ളടക്കത്തോടൊപ്പം അതിന്റെ നിവേദക പരമ്പരയും കുറ്റമറ്റതായി നിലനിർത്താൻ ഇതുമുഖേന സാധിച്ചു.

ഇന്നു നിലനിൽക്കുന്ന ചരിത്രരചനാ രീതിയുമായും റിപ്പോർട്ടിംഗ് രീതിയുമായും താരതമ്യം ചെയ്യുമ്പോൾ ഹദീസ് നിവേദനത്തിന്റെ രീതിശാസ്ത്രം കൃത്യത ഉറപ്പുവരുത്തുന്നതിൽ ഏറെ മുന്നിൽ നിൽക്കുന്നത് കാണാം. പണ്ട് നടന്ന ഒരു സംഭവത്തിന്റെ അവശേഷിക്കുന്ന തെളിവുകളോ അതേക്കുറിച്ച പരമ്പരാഗത ആഖ്യാനങ്ങളോ പരിശോധിച്ച് എത്തിച്ചേരുന്ന നിഗമനങ്ങളാണ് ഇന്ന് നിലവിലുള്ള ചരിത്രത്തിലേറെയും. വാർത്തകളിൽ വലിയൊരു ഭാഗം നുണകളുടെയോ ഭാഗിക സത്യങ്ങളുടെയോ അടിസ്ഥാനത്തിൽ പടച്ചുവിടുന്നവയാണ്. ഇവയിൽനിന്ന് വ്യത്യസ്തമായി സംഭവത്തിന് നേരിട്ട് സാക്ഷിയായ വ്യക്തിയുടെ റിപ്പോർട്ടിംഗ് തന്നെ ഹദീസിൽ ഉറപ്പുവരുത്തുന്നു. വിശ്വസ്തരായ സാക്ഷികളുടെ പിൻബലത്തോടെ ഉദ്ധരിക്കപ്പെടുന്ന ഹദീസുകൾ തന്നെയാണ് അതിനാൽ കൂടുതൽ ആധികാരികവും വിശ്വസനീയവും. ■